# Visit of Deputy Prime Minister and Foreign Minister of Namibia to India (July 17-21, 2022)

July 20, 2022

---

## നമീബിയയിലെ ഉപപ്രധാനമന്ത്രിയുടെയും വിദേശകാര്യ മന്ത്രിയുടെയും ഇന്ത്യാ സന്ദർശനം (ജൂലൈ 17-21, 2022)

2022 ജൂലൈ 20

നമീബിയയുടെ ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ നെറ്റുംബോ നൻദി എൻഡൈത്വ ഇന്ത്യ-ആഫ്രിക്ക വളർച്ച പങ്കാളിത്തത്തിലുള്ള 17-ാമത് സി ഐ ഐ എക്സിം ബാങ്ക് കോൺക്ലേവിൽ പങ്കെടുക്കുന്നതിനും ഇന്ത്യയും നമീബിയയും തമ്മിലുള്ള ഉഭയകക്ഷി ചർച്ചകൾ നടത്തുന്നതിനുമായി 2022 ജൂലൈ 17-21 വരെ ഇന്ത്യ സന്ദർശിക്കുന്നു.

സന്ദർശന വേളയിൽ ഉപപ്രധാനമന്ത്രി ഇന്ത്യൻ ഉപരാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറുമായും പരിസ്ഥിതി, വനം&കാലാവസ്ഥാ വ്യതിയാന മന്ത്രി ശ്രീ ഭൂപേന്ദർ യാദവുമായും അവർ വിപുലമായ ഉഭയകക്ഷി ചർച്ചകൾ നടത്തി.സന്ദർശന വേളയിൽ മൂന്ന് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു, ഇവയാണ് (എ) ഇന്ത്യയും നമീബിയയും തമ്മിലുള്ള വന്യജീവി സംരക്ഷണവും സുസ്ഥിര ജൈവവൈവിധ്യ ഉപയോഗവും സംബന്ധിച്ച ധാരണാപത്രം, (ബി) കാര്യക്ഷമമായ തൊഴിൽനിർവഹണത്തിനായി 'പങ്കാളികളെയും ആശ്രിതരെയും അംഗീകരിക്കുന്നതിനുള്ള നയതന്ത്ര ദൗത്യത്തിൽ ഏർപ്പെടാനുള്ള' നമീബിയയും ഇന്ത്യയും തമ്മിലുള്ള ധാരണാപത്രം. (സി) ഇന്ത്യയിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയും (NFSU) നമീബിയൻ പോലീസ് ഫോറൻസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ടും (NPFSI) തമ്മിലുള്ള ധാരണാപത്രം എന്നിവയായിരുന്നു അവ

2022 ജൂലൈ 19 ന് സിഐഐ എക്സിം ബാങ്ക് കോൺക്ലേവിന്റെ ഉദ്ഘാടന വേളയിൽ നമീബിയൻ ഡിപിഎം അഭിസംബോധന ചെയ്ത സംസാരിച്ചു. കോൺക്ലേവിന്റെ ഭാഗമായി, 2022 ജൂലായ് 20-ന് നമീബിയയുമായി ബിസിനസ്സ് ചെയ്യുന്നതിനെക്കുറിച്ചുള്ള രാജ്യാന്തര സെഷനും നടന്നു.ഇതിൽ പ്രധാനപ്പെട്ട ബിസിനസ്സ് ഹൌസുകളും, വ്യക്തികളും പങ്കെടുത്തു. ചെറുകിട വ്യവസായങ്ങൾ, പുനരുപയോഗ ഊർജം, കാർഷിക ഉപകരണങ്ങളും സാങ്കേതികവിദ്യയും, സ്റ്റാർട്ടപ്പുകൾ,

വാക്സിൻ നിർമ്മാണം എന്നിവയുൾപ്പെടെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെ ഉൾക്കൊള്ളുന്ന ബിസിനസ് മീറ്റിംഗുകളും ഡിപിഎമ്മിന്റെ ഉത്തരവാദിത്വത്തിൽ നടന്നു. നമീബിയയിലെ ഉപപ്രധാനമന്ത്രി &വിദേശകാര്യ മന്ത്രിയുടെ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിന് ശക്തമായ ഊന്നൽ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**2022 ജൂലൈ 20**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.